Page 1 of 1

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരള ഗവൺമെന്റ് സെക്രട്ടേറിയറ്റ് സ്റ്റാഫ് ഹൗസിംഗ് സഹകരണ സംഘത്തിലെ മുൻ അംഗമായിരുന്ന ശ്രീ. സി. രാജൻ സമർപ്പിച്ച അപേക്ഷയിൽ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ), തിരുവനന്തപുരം അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചു വരുന്നു.

(ബി) അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**സഹകരണ സ്ഥാപനങ്ങൾക്കുള്ള നിയന്ത്രണം**

150 (5877) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

നോട്ട് നിരോധനവും അതേ തുടർന്ന് കേന്ദ്ര സർക്കാർ സഹകരണ സ്ഥാപനങ്ങൾക്ക് കൊണ്ടുവന്ന നിയന്ത്രണവുംമൂലം സൃഷ്ടിക്കപ്പെട്ട പ്രതിസന്ധി മറികടക്കാൻ കേരളത്തിലെ സഹകരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ; പ്രസ്തുത വിഷയം സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടെങ്കിൽ വിശദമാക്കുമോ?

ഉത്തരം

കഴിഞ്ഞിട്ടുണ്ട്. പ്രസ്തുത വിഷയം സംബന്ധിച്ച് വിലയിരുത്തൽ നടത്തുകയും സഹകരണ മേഖലയിലുണ്ടായ താൽക്കാലിക പ്രതിസന്ധി മറികടക്കുന്നതിനായി 2016 ഡിസംബർ 10 മുതൽ 2017 ജനുവരി 10 വരെയുള്ള ഒരു മാസക്കാലം സഹകരണ മേഖല സംരക്ഷണ ക്യാമ്പയിൻ സംഘടിപ്പിച്ചു. 2016 ഡിസംബർ 18 സഹകരണ മേഖല ദിനമായി ആചരിച്ചു. ക്യാമ്പയിനിന്റെ ഭാഗമായി സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും താലൂക്ക് തലത്തിലും സംഘം തലത്തിലും മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചു. 2016 ഡിസംബർ 10 മുതൽ 2017 ജനുവരി 31 വരെ നിക്ഷേപ സമാഹരണ യജ്ഞം നടത്തി. ഇതിലൂടെ നിക്ഷേപകരുടെയും അംഗങ്ങളുടെയും വിശ്വാസം ആർജ്ജിക്കാൻ കഴിഞ്ഞിട്ടുണ്ട്.

**ജില്ലാ സഹകരണ ബാങ്കുകളിലെ നിയമനം**

151 (5878) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ: